19. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെൽഡിംഗ് റിസർച്ച് എഫ്എസിറ്റി-യിൽ ആരംഭിച്ചു.

20. എറണാകുളത്ത് CHEMREC ആരംഭിച്ചു

21. ജോബ് ക്ലബ്ബ് നടപ്പിലാക്കി

22. തൊഴിൽരഹിത വേതനം കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്തു

23. 20 കൊല്ലം വരെ രജിസ്ട്രേഷൻ പുതുക്കാതിരുന്ന തൊഴിൽ രഹിതർക്ക് രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അവസരം നൽകി

24. തൊഴിൽ വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

ബാലവേല അവസാനിപ്പിക്കാൻ നടപടി

56 (1019) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും 18 വയസ്സിന് താഴെയുള്ള കുട്ടികളെകൊണ്ട് ജോലി ചെയ്യിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ബാലവേല അവസാനിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് ബാലവേല തടയുന്നതിനായി 1986-ലെ ബാലവേല (തടയലും നിയന്ത്രണവും) നിയമപ്രകാരം സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നുണ്ട്. 14 വയസ്സ് പൂർത്തീകരിച്ചിട്ടില്ലാത്ത കുട്ടിയെയാണ് പ്രസ്തുത നിയമത്തിൽ "ചൈൽഡ്" എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബാലവേലയുടെ തിന്മകളെക്കുറിച്ചും ബാല തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചാൽ ലഭിക്കാവുന്ന ശിക്ഷയെ സംബന്ധിച്ചും പൊതുജന ബോധവൽക്കരണ പരിപാടികൾ തൊഴിൽ വകുപ്പ് നടത്തിവരുന്നുണ്ട്. ഇതിനായി തൊഴിൽ വകുപ്പ്, വിവിധ വകുപ്പുകൾ, ഗവൺമെന്റിതര ഏജൻസികൾ, റസിഡൻസ് അസോസിയേഷൻ, വ്യാപാരി-വ്യവസായി സംഘടനകൾ തുടങ്ങിയവരുടെ സഹകരണത്തോടുകൂടി എല്ലാ വർഷവും സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സെമിനാറുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ ബാലവേല കുറ്റകരമാണ് എന്ന് കാണിക്കുന്ന സ്റ്റിക്കറുകൾ, ബാനറുകൾ തുടങ്ങിയവ ജനശ്രദ്ധ ആകർഷിക്കത്തക്കവിധത്തിൽ പ്രദർശിപ്പിക്കുകയും, ഇത് സംബന്ധിച്ച സ്ലൈഡുകൾ സിനിമാ തീയേറ്ററുകൾ വഴി പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആകാശവാണി, അനന്തപുരി എഫ്.എം. തുടങ്ങിയ പ്രക്ഷേപണ മാധ്യമങ്ങളിലൂടെയും ബാലവേല കുറ്റകരമാണ് എന്ന സന്ദേശം നൽകുന്നുണ്ട്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന നിയമ നടപടികൾ കൂടാതെ, സാമൂഹ്യക്ഷേമ വകുപ്പ്, ആരോഗ്യ വകുപ്പ് തുടങ്ങിയ വകുപ്പുകളുടെ കൂടി സഹകരണത്തോടെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ബാലവേലയ്ക്കെതിരെയുള്ള പ്രവർത്തനം ശക്തമാക്കാൻ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly